# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറി തസ്തികയിൽ വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായർ ഡി (PPO No.1122240158)-യ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

സ.ഉ.(സാധാ)നം.6007/2026/ധന തിരുവനന്തപുരം, തീയതി: 24/07/2026

---

പരാമർശം:- (1) ശ്രീ. ഗോപകുമാർ.പി, ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്) 02.05.2023-ൽ സമർപ്പിച്ച പരാതി.

(2) 03.06.2025 ലെ തിരുവനന്തപുരം സിറ്റി, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ്-ന്റെ കത്ത് നം. G3-29122/2025/TC.

(3) ശ്രീ. രാധാകൃഷ്ണൻ നായർ ഡി-യ്ക്ക് 29.11.2025-ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്.

(4) 29.11.2025-ലെ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. രാധാകൃഷ്ണൻ നായർ.ഡി 11.12.2025-ന് നൽകിയ മറുപടി.

(5) ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 13.01.2026 തീയതിയിലെ GEN.27/GSSCS/2025-2026 നമ്പർ കത്ത്.

(6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.06.2026-ലെ A1-3/41/2025-KPSC നമ്പർ കത്ത്.

## ഉത്തരവ്

ധനകാര്യ വകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറി തസ്തികയിൽ 2022 മെയ് മാസത്തിൽ വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായർ.ഡി (PPO No.1122240158, PTSB 799010400137720) 2017 കാലയളവിൽ ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വായ്പ എടുക്കുന്നതിനായി ജാമ്യം നിന്ന വകയിൽ പ്രസ്തുത സൊസൈറ്റിയിൽ നിന്നും, വായ്പ തുക പൂർണ്ണമായും അടവാക്കാത്തതുമൂലം റിക്കവറി നോട്ടീസ് ലഭിച്ചതിനെ തുടർന്ന് ജാമ്യക്കാരനായ ശ്രീ. പി. ഗോപകുമാർ പരാമർശം (1)

പ്രകാരം സർക്കാരിന് പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയിൽ കുറ്റാരോപിതനായ ശ്രീ. രാധാകൃഷ്ണൻ നായർ.ഡി ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും എടുത്ത വായ്പകൾ സർവ്വീസിൽ നിന്ന് വിരമിച്ചതിനു ശേഷവും തിരിച്ചടയ്ക്കാതെ വിശ്വാസ വഞ്ചനയും സാമ്പത്തിക അഴിമതിയും നടത്തിയതായി അറിയിച്ചിരുന്നു.

2) മേൽ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം സിറ്റി, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ്-നെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന്, പരാമർശം (2) പ്രകാരം തിരുവനന്തപുരം സിറ്റി, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അന്വേഷണത്തിൽ എതിർകക്ഷി (ശ്രീ. രാധാകൃഷ്ണൻ നായർ.ഡി) ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും പരാതിക്കക്ഷിയുടെയും മറ്റും Salary surety-യിൽ 2017-ൽ ലോൺ എടുത്തിട്ടുള്ളതും ടി ലോൺ തുക കുടിശ്ശിക വരുത്തിയതിനാൽ ടി ലോണിന് ജാമ്യം നിന്നിരുന്ന പരാതിക്കക്ഷിയിൽ നിന്നും ടി ലോൺ തുക റിക്കവറി ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണെന്നും ഗവ. സെക്രട്ടേറിയറ്റിൽ അഡീഷണൽ സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച എതിർകക്ഷി ടിയാന്റെ സബോർഡിനേറ്റായ ഉദ്യോഗസ്ഥരുടെ സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിൽ 2017-ൽ എടുത്തിട്ടുള്ള ലോൺ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിന് ശേഷവും നാളിതു വരെയും ടി ലോൺ തുക ക്ലോസ് ചെയ്യാത്തത് ടിയാനോടൊപ്പം ജോലി നോക്കിയിരുന്ന ടിയാന് ജാമ്യം നിന്നതായ പരാതിക്കക്ഷി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ടാക്കിയതായി വെളിവായിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ സഹജീവനക്കാരുടെ ജാമ്യത്തിൽ ലോൺ എടുത്ത് ക്ലോസ് ചെയ്യാത്ത ഉദ്യോഗസ്ഥരിൽ നിന്നും ടിയാന്മാർ റിട്ടയർ ചെയ്യുന്ന സമയം റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നോ, ടിയാന്മാർക്ക് ലഭിക്കുന്ന പെൻഷൻ തുകയിൽ നിന്നോ വായ്പ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് തിരുവനന്തപുരം സിറ്റി, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പൊലീസ് ശിപാർശ ചെയ്തിട്ടുണ്ട്.

3) ശ്രീ. രാധാകൃഷ്ണൻ നായർ.ഡി അഡീഷണൽ സെക്രട്ടറി തസ്തികയിൽ സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിയാണ് (PPO No.1122240158). സർവ്വീസിൽ നിന്നും വിരമിച്ചപ്പോൾ തന്നെ സൊസൈറ്റിയിലെ ബാധ്യതകളെല്ലാം ടിയാൻ അടച്ച് തീർക്കേണ്ടതായിരുന്നു. കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം ഭാവിയിലുള്ള നല്ല പെരുമാറ്റം ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് പെൻഷൻ നൽകുന്നത്. പരാമർശം (2)-ന്റെ വെളിച്ചത്തിലും ഉന്നത പദവിയിൽ നിന്നും വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായർ.ഡി-യുടെ (PPO No.1122240158) പ്രവൃത്തി സർക്കാരിന് അവമതിപ്പ് ഉണ്ടാക്കുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിലും ശ്രീ. പി. ഗോപകുമാർ ഉന്നയിച്ചിരിക്കുന്ന പരാതിയിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം ശ്രീ. രാധാകൃഷ്ണൻ നായർ.ഡി-യുടെ സൊസൈറ്റി

ബാധ്യത പൂർണ്ണമായി തീർപ്പാക്കി സൊസൈറ്റിയിൽ നിന്നും ബാധ്യതരഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു വരെ ടിയാന്റെ പെൻഷൻ പൂർണ്ണമായും തടഞ്ഞുവയ്ക്കുവാൻ താത്ക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം ടിയാന് സർക്കാർ കാരണം കാണിക്കൽ നോട്ടിസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. രാധാകൃഷ്ണൻ നായർ.ഡി പരാമർശം (4) പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു. കാരണം കാണിക്കൽ നോട്ടിസിന് കുറ്റാരോപിതൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിലും ടിയാന്റെ വായ്പ/ചിട്ടി കുടിശ്ശിക സംബന്ധിച്ച് ഗവ. സെക്രട്ടേറിയറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും പരാമർശം (5) പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം ശ്രീ. രാധാകൃഷ്ണൻ നായർ.ഡി-യുടെ പെൻഷൻ ടിയാന്റെ സൊസൈറ്റി ബാധ്യത പൂർണ്ണമായി തീർപ്പാക്കി സൊസൈറ്റിയിൽ നിന്നും ബാധ്യതരഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു വരെ പൂർണ്ണമായും തടഞ്ഞ് വയ്ക്കുന്നതിനുള്ള താത്ക്കാലിക തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (6) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 2(a) പ്രകാരം ശ്രീ. രാധാകൃഷ്ണൻ നായർ.ഡി-യുടെ പെൻഷൻ ടിയാൻ ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ബാധ്യത പൂർണ്ണമായി തീർപ്പാക്കി സൊസൈറ്റിയിൽ നിന്നും ബാധ്യതരഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു വരെ പൂർണ്ണമായും തടഞ്ഞ് വയ്ക്കുന്നതിനുള്ള താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, ട്രഷറി ഡയറക്ടർ എന്നിവരെ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ. ജ്യോതിലാൽ**

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം.

3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.

4. ട്രഷറി ഡയറക്ടർ, പട്ടം പാലസ് പി ഒ, തിരുവനന്തപുരം.

5. ശ്രീ. രാധാകൃഷ്ണൻ നായർ ഡി, അഡീഷണൽ സെക്രട്ടറി (റിട്ട.), ധനകാര്യ വകുപ്പ്, 7/369, വൈഷ്ണവം, അറയൂർ, നെയ്യാറ്റിൻകര, തിരുവനന്തപുരം – 695122.

6. സെക്രട്ടറി, ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം.

7. ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്.

8. ധനകാര്യ (ഭരണം-എ/സി) വകുപ്പ്.

9. നോഡൽ ഓഫീസർ, www.finance.kerala.gov.in

10. ഡയറക്ടർ, ഐ&പി.ആർ.ഡി വകുപ്പ്, തിരുവനന്തപുരം.

11. കരുതൽ ഫയൽ / ആഫീസ് കോപ്പി (ഇ-2430796).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ